265

കേന്ദ്ര ഗവണ്മെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ചെറുപ്രായക്കാർ (ഹാനികരപ്രസിദ്ധീകരണങ്ങൾ) ആക്റ്റ്, 1956

(1956-ലെ 93-ാം നമ്പർ)

കേരള ഗവണ്മെൻറിനുവേണ്ടി കേരള ഗവണ്മെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം, ഗവണ്മെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ചെറുപ്രായക്കാർ (ഹാനികരപ്രസിദ്ധീകരണങ്ങൾ) ആക്റ്റ്, 1956

(1956-ലെ 93-ാം നമ്പർ)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# ചെറുപ്രായക്കാർ (ഹാനികരപ്രസിദ്ധീകരണങ്ങൾ) ആക്റ്റ്, 1956

(1956–ലെ 93–ാം നമ്പർ)

ചെറുപ്രായത്തിലുള്ളവർക്ക് ഹാനികരമായ ചില പ്രസിദ്ധീകരണങ്ങളുടെ പ്രസാരണം തടയുന്നതിനുള്ള ആക്റ്റ്

[1956 ഡിസംബർ 28]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഏഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.— (1) ഈ ആക്റ്റിന്, ചെറുപ്രായക്കാർ (ഹാനികരപ്രസിദ്ധീകരണങ്ങൾ) ആക്റ്റ്, 1956 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു–കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ,—

(ക) "ഹാനികരപ്രസിദ്ധീകരണത്തി" ന്, പ്രസിദ്ധീകരണം ആകപ്പാടെയെടുത്താൽ, അതു കൈയിൽ കിട്ടുന്ന ഒരു ചെറുപ്രായത്തിലുള്ള ആളെ, കുററങ്ങളോ, അക്രമകൃത്യങ്ങളോ, ക്രൂരകൃത്യങ്ങളോ ചെയ്യാൻ ഇളക്കിവിടുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്തുകൊണ്ടോ, മറേറതെങ്കിലും രീതിയാലോ ആയാലും, ദുഷിപ്പിക്കാൻ പ്രവണതയുള്ളതായിരിക്കത്തക്കവിധം, പൂർണ്ണമായോ മുഖ്യമായോ—

(i) കുററങ്ങൾ ചെയ്യുന്നതിനേയോ,
(ii) അക്രമകൃത്യങ്ങളേയോ ക്രൂരകൃത്യങ്ങളേയോ,
(iii) മടുപ്പിക്കുന്നതോ ഉൾക്കിടിലമുണ്ടാക്കുന്നതോ ആയ പ്രകൃതത്തിലുള്ള സംഭവങ്ങളേയോ;

ചിത്രീകരിക്കുന്നതും, ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ കൂടാതെയോ, അല്ലെങ്കിൽ മുഴുവനും ചിത്രങ്ങളിലായോ പറയുന്നതുമായ കഥകളായ ഏതെങ്കിലും പുസ്തകമോ ആനുകാലിക പ്രസിദ്ധീകരണമോ ലഘുലേഖയോ ഉപലേഖയോ വർത്തമാനപത്രമോ മററു സദൃശപ്രസിദ്ധീകരണമോ എന്നർത്ഥമാകുന്നു.

(ഖ) "സ്റ്റേററ് ഗവൺമെന്റി"ന്, യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതിന്റെ ഭരണകർത്താവ് എന്നർത്ഥമാകുന്നു.

(ഗ) "ചെറുപ്രായത്തിലുള്ളവൻ" എന്നാൽ, ഇരുപതു വയസ്സിനു താഴെയുള്ള ആൾ എന്നർത്ഥമാകുന്നു.

3. ഹാനികരപ്രസിദ്ധീകരണങ്ങളുടെ വില്പന മുതലായവയ്ക്കുള്ള ശിക്ഷ.—(1) ഒരാൾ—

(ക) ഏതെങ്കിലും ഹാനികര പ്രസിദ്ധീകരണം വില്ക്കുകയോ, വാടകയ്ക്കു കൊടുക്കുകയോ പരസ്യമായി പ്രദർശിപ്പിക്കുകയോ, ഏതെങ്കിലും രീതിയിൽ പ്രചാരത്തിലിറക്കുകയോ ; അല്ലെങ്കിൽ

3/4710/L.

(ഖ) വില്പനയുടേയോ, വാടകയ്ക്കു കൊടുക്കുന്നതിന്റേയോ, വിതരണത്തിന്റേയോ, പരസ്യമായ പ്രദർശനത്തിന്റേയോ പ്രചാരണത്തിന്റേയോ ആവശ്യങ്ങൾക്ക്, ഏതെങ്കിലും ഹാനികരപ്രസിദ്ധീകരണം അച്ചടിക്കുകയോ, ഉണ്ടാക്കുകയോ, ഉത്പാദിപ്പിക്കുകയോ തന്റെ കൈവശം വയ്ക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും ഹാനികരപ്രസിദ്ധീകരണം, ഏതെങ്കിലും ആളിൽ നിന്നോ ആളിലൂടെയോ സമ്പാദിക്കാൻ കഴിയുമെന്ന്, ഏതു വിധത്തിലായാലും, പരസ്യപ്പെടുത്തുകയോ അറിയിക്കുകയോ,

ചെയ്യുന്നെങ്കിൽ, അയാൾ ആറു മാസത്തോളമാകാവുന്ന തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ വകുപ്പിൻകീഴിലെ ഒരു കുററസ്ഥാപനത്തിൻമേൽ കോടതിക്ക്, ഏതു ഹാനികരപ്രസിദ്ധീകരണം സംബന്ധിച്ചാണോ കുററസ്ഥാപനം ഉണ്ടായത്, അങ്ങനെയുള്ളതും കോടതിയുടെ കസ്ററഡിയിൽ ഉണ്ടായിരിക്കുകയോ കുററസ്ഥാപനം ചെയ്യപ്പെട്ട ആളുടെ കൈവശത്തിലോ അധീനതയിലോ ഇരിക്കുകയോ ചെയ്യുന്നതുമായ ഹാനികരപ്രസിദ്ധീകരണത്തിന്റെ എല്ലാ പ്രതികളും നശിപ്പിക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

4. ഹാനികരപ്രസിദ്ധീകരണങ്ങൾ കണ്ടുകെട്ടിയതായി പ്രഖ്യാപിക്കാൻ ഗവൺമെൻറിനുള്ള അധികാരം.—(1) അഡ്വക്കേററ് ജനറൽ എന്നു പേർ പറയുന്നതോ അല്ലെങ്കിൽ മറേറതെങ്കിലും പേർ പറയുന്നതോ ആയ സ്റേററിലെ മുഖ്യനിയമ ഉദ്യോഗസ്ഥനുമായി ആലോചിച്ചതിനുശേഷം, ഏതെങ്കിലും പ്രസിദ്ധീകരണം ഹാനികരപ്രസിദ്ധീകരണമാണെന്ന് അഭിപ്രായമുണ്ടെങ്കിൽ, സ്റേററ് ഗവൺമെൻറിന്, അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ ഏതൊരു പ്രതിയും ഗവൺമെൻറിലേക്ക് കണ്ടുകെട്ടപ്പെടുന്നതാണെന്ന് ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്ത ഉത്തരവുവഴി, പ്രഖ്യാപിക്കാവുന്നതും, അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും, ആ ഉത്തരവിനുള്ള കാരണം പ്രസ്താവിക്കേണ്ടതുമാകുന്നു.

(2) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഏതെങ്കിലും പ്രസിദ്ധീകരണം സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ, ഒരു കണ്ടുകെട്ടൽ ഉത്തരവ് ഉള്ളിടത്ത്, അത് ആ പ്രസിദ്ധീകരണം ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ എവിടെത്തന്നെ കണ്ടെത്തിയാലും, ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പിടിച്ചെടുക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

5. കണ്ടുകെട്ടൽ ഉത്തരവിനെതിരായി ഹൈക്കോടതിയിലേയ്ക്കുള്ള അപ്പീൽ.—4-ാം വകുപ്പിൻകീഴിൽ സ്റേററ് ഗവൺമെൻറ് പാസ്സാക്കുന്ന കണ്ടുകെട്ടൽ ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ഉത്തരവ് അസ്ഥിരപ്പെടുത്താൻ ആ ഉത്തരവിന്റെ തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ ഹൈക്കോടതിയോട് അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷയിൻമേൽ ഹൈക്കോടതിക്കു യുക്തമെന്നു തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

6. ഹാനികരപ്രസിദ്ധീകരണങ്ങൾ പിടിച്ചെടുക്കാനും നശിപ്പിക്കാനുമുള്ള അധികാരം.—(1) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ സ്റേററ് ഗവൺമെൻറ് ഇതിലേക്ക് അധികാരപ്പെടുത്തുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനോ ഏതു ഹാനികരപ്രസിദ്ധീകരണവും പിടിച്ചെടുക്കാവുന്നതാണ്.

(2) ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേററിന്, സബ് ഇൻസ്പെക്ററുടെ പദവിക്കുതാഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ, ഹാനികരപ്രസിദ്ധീകരണങ്ങളുടെ ഏതെങ്കിലും സ്റേറാക്ക് ഉള്ളതോ ഉണ്ടെന്ന് ന്യായമായി സംശയിക്കപ്പെടുന്നതോ ആയ ഏതെങ്കിലും സ്ഥലത്തു പ്രവേശിക്കുകയും ശോധന ചെയ്യുകയും ചെയ്യാൻ വാറൻറ് വഴി പ്രാധികാരപ്പെടുത്താവുന്നതും അങ്ങനെയുള്ള സ്ഥലത്ത് കണ്ടെത്തുന്ന ഏതെങ്കിലും പ്രസിദ്ധീകരണം, തൻെറ അഭിപ്രായത്തിൽ ഹാനികരപ്രസിദ്ധീകരണമാണെങ്കിൽ, അങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥന് അതു പിടിച്ചെടുക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതു പ്രസിദ്ധീകരണവും, ആകുന്നത്ര വേഗത്തിൽ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാക്കേണ്ടതും, (2)-ാം ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതു പ്രസിദ്ധീകരണവും ആകുന്നത്ര വേഗത്തിൽ വാറൻറ് പുറപ്പെടുവിച്ച കോടതി മുമ്പാകെ ഹാജരാക്കേണ്ടതുമാകുന്നു.

(4) മജിസ്ട്രേററിൻെറയോ കോടതിയുടേയോ അഭിപ്രായത്തിൽ, അങ്ങനെയുള്ള പ്രസിദ്ധീകരണം ഹാനികരപ്രസിദ്ധീകരണമാണെങ്കിൽ, മജിസ്ട്രേററിനോ കോടതിക്കോ അതു നശിപ്പിക്കാനിടയാക്കാവുന്നതും, എന്നാൽ മജിസ്ട്രേററിൻെറയോ കോടതിയുടേയോ അഭിപ്രായത്തിൽ അങ്ങനെയുള്ള പ്രസിദ്ധീകരണം ഹാനികരപ്രസിദ്ധീകരണമല്ലെങ്കിൽ, മജിസ്ട്രേററോ കോടതിയോ അതു ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ലെ 523, 524, 525 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വ്യയനം ചെയ്യേണ്ടതുമാകുന്നു.

7. ഈ ആക്ററിൻകീഴിലെ കുററങ്ങൾ കോഗ്നൈസബിളാണെന്ന്.— ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതു കുററവും കോഗ്നൈസബിളായിരിക്കുന്നതാകുന്നു.